തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ അപര്യാപ്തത

56 [1743] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർ ഇല്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവരെ പുനർവിന്യസിച്ചിട്ടുണ്ട്;

(ഡി) പുനർവിന്യാസം വഴിയോ അല്ലാതെയോ പഞ്ചായത്തുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ നിന്ന് 100 അസിസ്റ്റന്റ് എഞ്ചിനീയർമാരേയും 404 ഓവർസിയർമാരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇനിയും പുനർവിന്യസിക്കാനുണ്ട്. ഇവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പുനർവിന്യസിച്ച് ലഭിച്ചാലുടൻതന്നെ എഞ്ചിനീയർമാരില്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്. എഞ്ചിനീയർമാരുടെ അഭാവത്തിൽ ടെക്നിക്കൽ കമ്മിറ്റിയിലെ എഞ്ചിനീയർമാർ, റിട്ടയർ ചെയ്ത എഞ്ചിനീയർമാർ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിലെ അധ്യാപകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർമാർ – 351
ഓവർസിയർമാർ – 1354

(ഡി) സ്വീകരിച്ചു വരുന്നു.

സുനാമി ബാധിത പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ദീർഘിപ്പിക്കൽ

57 [1744] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പഞ്ചായത്തുകൾക്ക് കഴിഞ്ഞ വാർഷിക പദ്ധതി ദീർഘിപ്പിച്ചു കൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly